# ശ്രദ്ധേയമായ ചില വെളിപ്പെടുത്തലുകൾ

**മാലേഗാവ്** ജുമാ മസ്ജിദിലും ഹൈദരാബാദ് മക്കാ മസ്ജിദിലും അജ്മീർ ദർഗയിലുമുണ്ടായ സ്ഫോടനങ്ങളുടെ അന്വേഷണം ആരംഭിച്ചത് മുസ്‌ലിം സമുദായത്തെയും അതിലെ ചില സംഘടനകളെയും കേന്ദ്രീകരിച്ചായിരുന്നു. പള്ളികൾ തകർത്ത പാരമ്പര്യമുള്ള, കൂടുതൽ പള്ളികൾ തകർക്കുമെന്ന് ഭീഷണി മുഴക്കുന്ന വിഭാഗങ്ങൾക്കു നേരെ സംശയത്തിന്റെ മുന നീണ്ടതേയില്ല. ഇരകളെത്തന്നെ വേട്ടക്കാരായി അവതരിപ്പിക്കുന്ന ക്രൂരമായ ഈ അനീതിക്കെതിരെ മുസ്‌ലിംകൾ മുറവിളി കൂട്ടിയെങ്കിലും 'ഹിന്ദു ഒരിക്കലും ഭീകരനാവില്ല' എന്ന സംഘ്പരിവാറും അദ്വാനി അടക്കമുള്ള നേതാക്കളും ഉയർത്തിയ അവകാശവാദം മുഖവിലക്കെടുത്തുകൊണ്ടാണ് സർക്കാർ പ്രവർത്തിച്ചത്. എവിടെ ബോംബ് പൊട്ടിയാലും ഉത്തരവാദികൾ മുസ്‌ലിംകളാണെന്ന മുൻധാരണ പൊതുസമൂഹത്തിൽ വളരാൻ അതിടയാക്കി. അതിന്റെ മറവിൽ നിർബാധം വളരാനും ശക്തിപ്പെടാനും ഹിന്ദുത്വ ഭീകരതക്ക് സുവർണാവസരം ലഭിക്കുകയും ചെയ്തു.

അസത്യത്തിന്റെ ഈ തിരശ്ശീല അഴിഞ്ഞുവീണുകൊണ്ടിരിക്കുകയാണിപ്പോൾ. പ്രഗത്ഭനും സത്യസന്ധനുമായ പോലീസ് ഓഫീസർ ഹേമന്ത് കർക്കരെയുടെ നേതൃത്വത്തിൽ നടന്ന അന്വേഷണം മാലേഗാവ് സ്ഫോടനത്തിനു പിന്നിലെ ഹിന്ദുത്വ ഭീകരതയുടെ ഘടകങ്ങൾ കണ്ടെടുക്കുകയായിരുന്നു. 2007-ൽ നടന്ന അജ്മീർ സ്ഫോടനത്തിനു പിന്നിൽ ഹിന്ദുത്വ ഭീകരരായിരുന്നുവെന്ന് രാജസ്ഥാൻ എ.ടി.എസ്സും സ്ഥിരീകരിച്ചുകഴിഞ്ഞു. ഈ കേസിൽ അറസ്റ്റിലായ ദേവേന്ദ്ര ഗുപ്തയും ചന്ദ്രശേഖർ ബരാദും വിഷ്ണു പ്രസാദ് പാട്ടിദാറും, ആർ.എസ്.എസ്-അഭിനവ ഭാരത് സംഘടനകളുടെ സജീവ പ്രവർത്തകരാണ്. നന്ദേഡ്, ജൽന, പർഭാനി, പൂനെ, ഗോവ, സംഝോത എക്സ്പ്രസ് തുടങ്ങി നിരവധി ബോംബ് സ്ഫോടനങ്ങളിൽ ഹിന്ദുത്വ ഭീകരരുടെ പങ്ക് വെളിപ്പെട്ടുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ട്.

ഹിന്ദുത്വ തീവ്രവാദത്തിനു നേരെ കാലാകാലങ്ങളിൽ അധികാരത്തിലിരുന്നവർ കൈക്കൊണ്ട നിഷ്ക്രിയത്വവും, ഭീകരാക്രമണങ്ങളുണ്ടാകുമ്പോൾ കെട്ടിച്ചമച്ച വിശദീകരണങ്ങൾ നൽകിയും വ്യാജ പ്രതികളെ ചൂണ്ടിക്കാണിച്ചും യഥാർഥ ഭീകരരെ മറച്ചുപിടിക്കുന്ന പ്രവണതയുമാണ് ഈ വിപത്ത് ഇത്രയേറെ വ്യാപകമാകാൻ കാരണമെന്നതിൽ സംശയമില്ല. രാജസ്ഥാൻ ആഭ്യന്തരമന്ത്രി ശാന്തിധരിവാൾ ഈയിടെ നടത്തിയ വെളിപ്പെടുത്തലുകൾ ഏറെ ശ്രദ്ധേയമാകുന്നു. ഇപ്പോൾ അറസ്റ്റിലായ മൂന്ന് ആർ.എസ്.എസ്-അഭിനവ് ഭാരത് നേതാക്കൾക്ക് അജ്മീർ സ്ഫോടനത്തിലുള്ള പങ്ക് രാജസ്ഥാൻ പോലീസ് 2007-ൽ തന്നെ കണ്ടെത്തിയിരുന്നു. അന്ന് വസുന്ധര രാജെയുടെ നേതൃത്വത്തിൽ സംസ്ഥാനം ഭരിച്ച ബി.ജെ.പി ഗവൺമെന്റ് ഈ കണ്ടെത്തൽ പൂഴ്ത്തിവെച്ചുകൊണ്ട് കേസ് മധ്യപ്രദേശ് ഗവൺമെന്റിനു കൈമാറി തുടരന്വേഷണത്തിൽനിന്ന് തന്ത്രപൂർവം തടിയൂരുകയായിരുന്നു. മധ്യപ്രദേശ് പോലീസാവട്ടെ കേസിനു തുമ്പില്ലാതാക്കാനാണ് ശ്രമിച്ചത്. മാലേഗാവ് സ്ഫോടനക്കേസിലെ പ്രതികളായ പ്രജ്ഞാ സിംഗ്, കേണൽ പുരോഹിത് തുടങ്ങിയവരുമായി അജ്മീർ സ്ഫോടനത്തിന്റെ പ്രതികൾക്കുള്ള ഉറ്റ ബന്ധവും മന്ത്രി ധരിവാൾ വെളിപ്പെടുത്തുകയുണ്ടായി. ദേവേന്ദ്ര ഗുപ്തയുടെ സഹായത്തോടെ, ആർ.എസ്.എസ് പ്രചാരകനായ സുനിൽ ജോഷിയാണ് സ്ഫോടനം ആസൂത്രണം ചെയ്തതെന്ന് കേണൽ പുരോഹിത് മൊഴി നൽകിയിട്ടുണ്ട്. മധ്യപ്രദേശുകാരനായ സുനിൽ ജോഷി 2008-ൽ കൊല്ലപ്പെട്ടു.

മന്ത്രി ധരിവാളിന്റെ വെളിപ്പെടുത്തൽ ഞെട്ടിക്കുന്നതാണെങ്കിലും അതാരെയും അത്ഭുതപ്പെടുത്തുന്നില്ല. രാഷ്ട്ര പിതാവ് മഹാത്മാഗാന്ധിയുടെ മാറിലേക്ക് വെടിയുണ്ടയുതിർത്ത ഫാഷിസ്റ്റ് ഭീകരരിൽനിന്ന് പ്രതീക്ഷിക്കാവുന്നതുതന്നെയാണീ നടപടി. ഗാന്ധിവധക്കേസിൽ പ്രോസിക്യൂഷൻ ഭാഗത്തെ മുഖ്യ സാക്ഷിയായിരുന്നു പ്രഫ. ജഗദീഷ് ചന്ദ്ര ജയിൻ. അദ്ദേഹം ഈയിടെ പ്രസിദ്ധീകരിച്ച 'I could not save Mahathma Gandhi: untold stories from a witness's diary' എന്ന പുസ്തകത്തിലെ ചില വെളിപ്പെടുത്തലുകളും ഞെട്ടലുളവാക്കുന്നതാണ്. ഹിന്ദു വർഗീയശക്തികളാൽ ഗാന്ധിജി

കൊല്ലപ്പെടാനുള്ള സാധ്യതയെക്കുറിച്ച് ഗവൺമെന്റിന് ധാരാളം മുന്നറിയിപ്പുകൾ ലഭിച്ചിരുന്നുവെന്നും സർക്കാർ അതെല്ലാം അവഗണിച്ച് നിഷ്ക്രിയത്വം പാലിച്ചതാണ് ഫാഷിസ്റ്റുകൾക്ക് ഗാന്ധിവധം സാധ്യമാക്കിയതെന്നും അദ്ദേഹം ചൂണ്ടികാണിക്കുന്നു. അക്കാലത്ത് ഭരണകൂടത്തിന്റെ ഇടനാഴികളിലും കോൺഗ്രസ് നേതൃത്വത്തിലും വിലസിയിരുന്ന ആർ.എസ്.എസ് മനോഭാവമുള്ളവരുടെ വർധിച്ച സാന്നിധ്യവും സ്വാധീനവുമായിരുന്നു ഈ നിഷ്ക്രിയത്വത്തിനു കാരണമെന്നും പ്രഫ. ജയിൻ വിശദീകരിക്കുന്നുണ്ട്. അതിനാൽ കോൺഗ്രസ്സിന്റെ നേതൃതലം മുതൽ താഴെ തട്ടിലെ അണികൾ വരെ നിഷ്കൃഷ്ടമായ ശുദ്ധീകരണത്തിനു വിധേയമായില്ലെങ്കിൽ നമുക്ക് ഒരു 'നല്ല നാളെ' പ്രതീക്ഷിക്കാൻ വകയില്ലെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം.

അടുത്ത കാലത്തുണ്ടായ സ്ഫോടനങ്ങളെക്കുറിച്ച് ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ് മുസ്‌ലിം നേതൃത്വം. വിളംബംവിനാ നിവർത്തിക്കപ്പെടേണ്ടതാണീ ആവശ്യം. സമാധാനപൂർണവും ഭീകരതാ മുക്തവുമായ നവഭാരത നിർമിതിക്ക് അത് വഴിതെളിക്കുമെന്ന് പ്രതീക്ഷിക്കാം. പക്ഷേ, പ്രഫ. ജയിൻ ഉന്നയിച്ച നിർദേശം നടപ്പിലാക്കാൻ കോൺഗ്രസ് പാർട്ടി തയാറാകുന്നുവെങ്കിലേ ഈ ആവശ്യം നിവർത്തിക്കപ്പെടുകയുള്ളൂ. ■